**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2085** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ കായിക ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കുന്നതിനാണ് 2023-24 സാമ്പത്തിക വർഷത്തിൽ കായിക വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും ആയത് ഓരോ പ്രവൃത്തിയ്ക്കും എത്ര രൂപ വീതമാണെന്നും വിശദമാക്കുമോ; | (എ) | 2023 - 24 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ലെക്കിടി, തച്ചനാട്ടുകര, അമ്പലപ്പാറ എന്നീ പഞ്ചായത്തുകളിലെ കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഒരു കോടി രൂപ വീതമാണ് കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ളത്. 02.08.2023 തീയ്യതിയിൽ കൂടിയ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി ടി പദ്ധതികൾ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ 2021 - 22 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II-ലെ ക്രമ നം. 1362 ആയി ഉൾപ്പെട്ടിട്ടുള്ള ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 10 കോടി രൂപയും, തനത് സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തിയിരുന്നു. തുടർന്ന് സ.ഉ(സാധാ) നം. 1633/2023/ഫിൻ. തീയ്യതി 06.03.2023 ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും കായിക വകുപ്പിലേക്ക് മാറ്റി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ 2023-24 വർഷത്തിൽ പുതിയ പ്രവൃത്തികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കുമോ? | (ബി) | 2023 - 24 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ലെക്കിടി, തച്ചനാട്ടുകര, അമ്പലപ്പാറ എന്നീ പഞ്ചായത്തുകളിലെ കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഒരു കോടി രൂപ വീതമാണ് കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ളത്. 02.08.2023 തീയ്യതിയിൽ കൂടിയ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി ടി പദ്ധതികൾ |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ 2021 - 22 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II-ലെ ക്രമ നം. 1362 ആയി ഉൾപ്പെട്ടിട്ടുള്ള ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 10 കോടി രൂപയും, തനത് സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തിയിരുന്നു. തുടർന്ന് സ.ഉ(സാധാ) നം. 1633/2023/ഫിൻ. തീയ്യതി 06.03.2023 ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും കായിക വകുപ്പിലേക്ക് മാറ്റി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ